# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** | **17/12/2012-ൽ**

**ചോദ്യം നമ്പർ: 1767** | **മറുപടി പറയേണ്ടത്**

## വകുപ്പുകളുടെ വെബ്സൈറ്റ് സംവിധാനം

| **ചോദ്യം**<br>ശ്രീ. ചിറ്റയം ഗോപകുമാർ | **ഉത്തരം**<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റുവഴി പ്രസിദ്ധീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) സർക്കാർ ഉത്തരവുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുമെന്ന് നൂറുദിനകർമ്മ പരിപാടിയിൽപ്പെടുത്തി പ്രഖ്യാപിച്ചിരുന്നു. |
| (ബി) നിലവിൽ എത്ര വകുപ്പുകൾക്ക് വെബ്സൈറ്റ് സംവിധാനം ഉണ്ട് എന്ന് വിശദമാക്കുമോ; | (ബി) നിലവിൽ 35 ഭരണവകുപ്പുകൾക്കും 74 ഫീൽഡ് വകുപ്പുകൾക്കും വെബ്സൈറ്റ് നിലവിലുണ്ട്. |
| (സി) മിക്ക വകുപ്പുകളുടെ വെബ്സൈറ്റുകളും യഥാസമയം അപ്ഡേറ്റ് ചെയ്യപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ ആയവ അപ്ഡേറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ; | **(സി) & (ഡി)**<br>ഉണ്ട്. സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകൾ യഥാസമയം അപ്ഡേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി അതതു വകുപ്പുകളിൽ നിന്ന് നിയോഗിക്കപ്പെട്ട നോഡൽ ഓഫീസർമാർക്ക് അപ്ഡേഷനിൽ പരിശീലനം നൽകുകയും പരിശീലനത്തിൽ പങ്കെടുത്ത 20 വകുപ്പുകളിലെ നോഡൽ ഓഫീസർമാർക്ക് യൂസർനെയിമും പാസ്‌വേഡും കൈമാറുകയും ചെയ്തിട്ടുണ്ട്. ടി പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ കഴിയാത്തവർക്ക് വീണ്ടും പരിശീലന പരിപാടി നടത്തുന്നതാണ്. സെക്രട്ടേറിയറ്റ് ഇതര വകുപ്പുകളിൽ, ഫീൽഡ് വകുപ്പുകളിൽ നിന്നും നോഡൽ ഓഫീസർമാരെ നാമനിർദ്ദേശം ചെയ്യാൻ നിർദ്ദേശിച്ചിട്ടുള്ളതും, നാമനിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് അവർക്കും പരിശീലനം നൽകി പാസ്‌വേഡ് കൈമാറുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണ്. |

......

| | |
|---|---|
| (ഇ) വെബ്സൈറ്റ് സംവിധാനം ഇല്ലാത്ത വകുപ്പുകളിൽ അത് നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) വെബ്സൈറ്റ് സംവിധാനം ഇല്ലാത്ത വകുപ്പുകളിൽ അത് നടപ്പിൽ വരുത്താൻ നടപടി സ്വീകരിക്കുന്നതാണ്. ഇതിലേയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിലെ വെബ് & ന്യൂ മീഡിയ വിഭാഗത്തെ അറിയിക്കുന്നതനുസരിച്ച് അവ ഹോസ്റ്റ് ചെയ്യുന്നതിനുള്ള സൗകര്യം നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ.**